**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 114** | **29-06-2026-ൽ മറുപടിയ്ക്ക്**

**<u>ദേശീയപാത 66ന്റെ നിർമ്മാണ പുരോഗതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. പി. എ. മുഹമ്മദ് റിയാസ്

ശ്രീ. എ. പ്രഭാകരൻ

ശ്രീ. കാരായി രാജൻ

ശ്രീ. എൻ. കെ. അക്ബർ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. കെ. ബഷീർ

(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** ദേശീയപാത 66 ആറുവരിയായി വികസിപ്പിക്കുന്നതിന്റെ നിലവിലെ പുരോഗതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

**<u>മറുപടി:</u>** ദേശീയപാത 66 വികസനം, കേന്ദ്രഉപരിതല ഗതാഗത വകുപ്പിന്റെ കീഴിലുള്ള ദേശീയപാത അതോറിറ്റിയാണ് നടപ്പാക്കുന്നത്. ദേശീയപാത 66 ന്റെ 7 സ്ട്രെച്ചുകളിലായി ഇതുവരെ 82.14 കിലോമീറ്റർ പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്. പൂർത്തിയാക്കിയ സ്ട്രെച്ചുകളുടെ വിവരം അനുബന്ധം 1 ആയി ചേർക്കുന്നു.

ബാക്കിയുള്ള 17 സ്ട്രെച്ചുകളിൽ പ്രവൃത്തി പുരോഗമിക്കുന്നു. ഓരോ സ്ട്രെച്ചിലെയും പ്രവൃത്തിയുടെ പുരോഗതി, പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന തീയതി എന്നിവ അനുബന്ധം -2 ആയി ചേർക്കുന്നു.

**(ബി)** എത്ര റീച്ചുകളുടെ നിർമ്മാണം ഇതുവരെ പൂർത്തിയാക്കി ഗതാഗതത്തിന് തുറന്നുകൊടുത്തിട്ടുണ്ട്;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** അവശേഷിക്കുന്ന റീച്ചുകൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(ഡി)** ഇക്കാര്യത്തിൽ 2016 മെയ് മുതൽ 2026 മെയ് വരെ സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികളും ചെലവഴിച്ച തുകയും സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

**<u>മറുപടി:</u>**

സംസ്ഥാനത്തെ ദേശീയപാതകൾ പൂർണമായും കേന്ദ്രഉപരിതല ഗതാഗത വകുപ്പിന്റെ അധികാര പരിധിയിൽ ഉള്ളതാണ്. കേരള സംസ്ഥാനത്ത് ദേശീയപാത 66-ന്റെ വികസന പ്രവർത്തനങ്ങൾ താൽകാലികമായി നിർത്തി വയ്ക്കാൻ ദേശീയപാത അതോറിറ്റി ചെയർമാൻ

നിർദ്ദേശം നൽകിയതിനെത്തുടർന്ന് ഈ വിഷയത്തിൽ കേന്ദ്രഉപരിതല ഗതാഗത വകുപ്പുമായി ചർച്ച നടത്തുകയും, ബഹുമാനപ്പെട്ട കേന്ദ്രഉപരിതല ഗതാഗത വകുപ്പ് മന്ത്രിയുടെ നിർദ്ദേശ പ്രകാരം ദേശീയപാത 66 വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്ന ചെലവിന്റെ 25% തുക സംസ്ഥാനസർക്കാർ വഹിക്കാൻ തീരുമാനിക്കുകയും ചെയ്തു. ഇതുമായി ബന്ധപ്പെട്ട് ദേശീയപാത അതോറിറ്റി, കിഫ്ബി, പൊതുമരാമത്ത് വകുപ്പ് എന്നിവർ ഉൾപ്പെട്ട ത്രികക്ഷി കരാർ അംഗീകരിക്കുകയും ദേശീയപാത 66 ന്റെ ഭൂമി ഏറ്റെടുക്കുന്നതിന്റെ സംസ്ഥാന വിഹിതമായി ഇതുവരെ 5580.74 കോടി രൂപ ദേശീയപാത അതോറിറ്റിക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

ദേശീയപാതകളുടെ വികസന പുരോഗതി അവലോകനം ചെയ്യുന്നതിനും, പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിനും വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനത്തിനുമായി ത്രിതല മേൽനോട്ട സംവിധാനം (Three-tier monitoring mechanism) നിലനിന്നിരുന്നു.

**(ഇ)** ദേശീയപാത 66 ആറുവരിയാക്കുന്നതിന് 2011-16 കാലയളവിൽ സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടത് എന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>**

കേരളത്തിലെ ദേശീയപാതകളുടെ വീതി സംബന്ധിച്ച് 17.08.2010 ൽ വിളിച്ച് ചേർത്ത യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ദേശീയപാത അതോറിറ്റി ദേശീയപാത 47ലെ ഇടപ്പള്ളി - അങ്കമാലി - മണ്ണുത്തി - എന്നീ ഭാഗങ്ങളിൽ നാലുവരിപ്പാതയുടെ പ്രവൃത്തികൾ പൂർത്തിയാക്കി. ഭൂമി ഏറ്റെടുക്കുന്നതിനുള്ള കാലതാമസം ചൂണ്ടിക്കാട്ടി ബാക്കി പ്രവൃത്തികൾ ദേശീയപാത അതോറിറ്റിയുടെ പദ്ധതികളിൽ നിന്നും ഒഴിവാക്കി കേരള സർക്കാരിനെ ഏൽപ്പിച്ചു കൊണ്ട് കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചു.

സംസ്ഥാനത്തെ ദേശീയപാതാ വികസനത്തിൽ നിന്നും പിൻമാറിക്കൊണ്ട് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച 05.03.2014, 14.08.2014 എന്നീ തീയതികളിലെ വിജ്ഞാപനങ്ങൾ റദ്ദാക്കുന്നതിന് കേന്ദ്രഉപരിതല ഗതാഗത വകുപ്പിന് കത്ത് നൽകുകയും, 04.08.2015 ൽ കേന്ദ്രഉപരിതല ഗതാഗത വകുപ്പുമായി നടന്ന യോഗത്തിൽ 45 മീറ്ററിൽ ദേശീയപാത വികസിപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ പിൻതുണ ഉറപ്പ് നൽകുകയും ചെയ്തതിനെത്തുടർന്നാണ് കേരളത്തിൽ ദേശീയപാത അതോറിറ്റിയുടെ മേൽനോട്ടത്തിൽ ദേശീയപാത 66 വികസനം പുനരാരംഭിച്ചത്.

2011-16 കാലയളവിൽ എൻ.എച്ച് 66 ലെ ആലപ്പുഴ ബൈപ്പാസും കൊല്ലം ബൈപ്പാസും കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെയും സംസ്ഥാന സർക്കാരിന്റെയും 50:50 Cost sharing നിർമ്മിക്കുന്നതിനുള്ള അനുമതി നൽകിയിരുന്നു. കൂടാതെ എൻ.എച്ച് 47 ൽ കരമന മുതൽ കളിയിക്കാവിള വരെയുള്ള സ്ട്രെച്ചിൽ കരമന മുതൽ പ്രാവച്ചമ്പലം വരെയുള്ള റോഡിന്റെ വീതി കൂട്ടുന്നതിനുള്ള അനുമതിയും ഇക്കാലയളവിൽ നൽകിയിരുന്നു.

**സെക്ഷൻ ഓഫീസർ**

## അനുബന്ധം I

## ദേശീയപാത അതോറിറ്റി നിർമ്മാണം പൂർത്തിയാക്കിയ ദേശീയപാത 66 ന്റെ സ്ട്രെച്ചുകൾ

| Sr. No. | Name of Project | Length (Km) |
|---|---|---|
| **1** | 4-L of Edappally-Vytilla-Aroor section on NH-66 - EPC mode | 16.75 |
| **2** | 4 laning of Kazhakkoottam to Mukkola Section | 24.99 |
| **3** | 4-Lane Elevated Highway connecting Kazhakuttam Junction and Technopark Junction | 2.72 |
| **4** | 4 Laning of Thiruvananthapuram Bypass from Mukkola to Kerala / Tamil Nadu Border | 16.20 |
| **5** | 4-lane ROB near Neeleshwaram Town (Pallikara Railway Gate) | 0.78 |
| **6** | 4 laning of Thalassery-Mahe Bypass Section | 18.6 |
| **7** | 6-lane minor bridge at km 203.160 (Paloli palam) and major bridge (Morad) at km 204.895 | 2.1 |
| | **Total Length Completed by NHAI** | **82.14 Km** |

## അനുബന്ധം II

## ദേശീയപാത അതോറിറ്റിയുടെ മേൽനോട്ടത്തിൽ പ്രവൃത്തി പുരോഗമിക്കുന്ന ദേശീയപാത 66 ന്റെ സൂച്ചകൾ

| SN | Project Stretch | Total Length (Km) | Total Project Cost (Cr) | Appointed/Scheduled Completion Date | Physical Progress as on Date (%) | Likely Completion Date |
|---|---|---|---|---|---|---|
| **1.** | 6L of Thalappady-Chengala | 39 | 2681.48 | 18.11.2021/ 15.05.2024 | 100 | PCC issued w.e.f 25.08.2025 |
| **2.** | 6L of Chengala-Neeleshwaram | 37.27 | 2719.51 | 15.10.2021/ 11.04.2024 | 90.68 | 31.03.2027 |
| **3.** | 6L of Neeleshwaram-Thalipparamba | 40.11 | 4156.78 | 15.10.2021/ 11.04.2024 | 86.85 | 31.03.2027 |
| **4.** | 6L of Thalipparamba-Muzhapilangadu | 29.948 | 3557.65 | 29.11.2021/ 26.05.2024 | 83.27 | 31.01.2028 |
| **5.** | 6L of Azhiyur-Vengalam | 40.8 | 3898.46 | 30.10.2021/ 26.04.2024 | 67.89 | 31.03.2028 |

| | | | | | | |
|---|---|---|---|---|---|---|
| **6.** | 6L of Kozhikode Bypass | 28.4 | 2065.95 | 22.02.2021/ 25.12.2024 | 99.20 | PCC issued w.e.f 09.10.2025 |
| **7.** | 6L of Ramanattukara-Valanchery | 39.682 | 4919.46 | 21.01.2022/ 31.03.2025 | 99.80 | PCC issued w.e.f 18.07.2025 |
| **8.** | 6L of Valanchery-Kappirikkad | 37.35 | 4023.94 | 21.01.2022/ 31.03.2025 | 99.85 | PCC issued w.e.f 17.07.2025 |
| **9.** | 6L of Kappirikkad-Thalikkulam | 33.165 | 4225.59 | 01.09.2022/ 26.02.2025 | 94.57 | 30.06.2027 |
| **10.** | 6L of Thalikkulam-Kodungallur | 28.735 | 4302.06 | 17.09.2022/ 14.03.2025 | 93.60 | 30.06.2027 |
| **11.** | 6L of Kodungallur-Edapally | 26.03 | 3465.82 | 25.10.2022/ 21.04.2025 | 70.81 | 31.05.2027 |
| **12.** | 6-lane Elevated Highway Aroor-Thuravoor | 12.752 | 2927.21 | 01.02.2023/ 31.01.2026 | 90.34 | 07.12.2026 |
| **13.** | 6L of Thuravoor-Paravoor | 38.388 | 2887.7 | 17.03.2022/ 12.09.2024 | 79.50 | 31.05.2027 |

| | | | | | | |
|---|---|---|---|---|---|---|
| **14.** | 6L of Paravoor-Kottukulangara | 37.5 | 3273.61 | 29.08.2022/ 24.02.2025 | 75.97 | 31.03.2027 |
| **15.** | 6L of Kottukulangara-Start of Kollam Bypass | 31.5 | 3680.49 | 12.04.2022/ 08.10.2024 | 76.96 | 31.03.2027 |
| **16.** | 6L of Start of Kollam Bypass-Kadambattukonam | 31.25 | 3023.78 | 01.10.2022/ 31.03.2025 | 95.98 | 30.06.2027 |
| **17.** | 6L of Kadambattukonam-Kazhakuttom | 29.83 | 3451.76 | 23.07.2022/ 18.01.2025 | 50.42 | 31.05.2027 |